# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6671 1.11.2011-ലെ മറുപടിക്ക്

### തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ജലവിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി കക്കടവ് പമ്പ് ഹൗസിലെ മോട്ടോർ ശക്തി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മുക്കം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ കക്കടവ് പമ്പ് ഹൗസിലെ പഴയ പമ്പ്സെറ്റ് മാറ്റി പുതിയ 20 എച്ച്.പി സബ്മേഴ്സിബിൾ വയ്ക്കുന്ന പണികൾക്ക് നബാർഡിന്റെ സാമ്പത്തിക സഹായമുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പണി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കക്കടവ് പമ്പ് ഹൗസിൽ രാത്രികാല പമ്പിംഗിന് ഓപ്പറേറ്ററെ നിയമിക്കാൻ അനുമതി നൽകുമോ; | (ബി) | നിലവിൽ ഒരു ഷിഫ്റ്റ് പമ്പിംഗ് മാത്രമേയുള്ളു. വേനൽക്കാലത്തെ വർദ്ധിച്ചുവരുന്ന വെള്ളത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ് ഡി.ആർ.ഡബ്ല്യു ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഏർപ്പാട് ചെയ്യാവുന്നതാണ്. |
| (സി) | വെസ്റ്റ് മാമ്പറ്റയിലെ നിലവിലുള്ള കുഴൽകിണറിൽ ജല ദൗർലഭ്യം ഉള്ളതിനാൽ കുഴൽ കിണറിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകുമോ; | (സി) | വെസ്റ്റ് മാമ്പറ്റയിലെ നിലവിലുള്ള കുഴൽ കിണറിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി കിണറിന്റെ ആഴം വർദ്ധിപ്പിക്കാൻ സാങ്കേതിക തടസ്സം ഉണ്ട്. ആഴം വർദ്ധിപ്പിച്ചാലും കൂടുതൽ ജല ലഭ്യത ഉറപ്പുവരുത്തുവാൻ കഴിയുമെന്ന പ്രതീക്ഷ ഇല്ല. |
| (ഡി) | മേൽ കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുമോ? | (ഡി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച്, ജലലഭ്യത സംബന്ധിച്ച് പഠനം നടത്തിയ ശേഷം പുതിയ കുഴൽ കിണർ കുഴിക്കുന്ന കാര്യം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ